മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 20

# വാർത്താക്കുറിപ്പ് (2)

---

*സ്നേഹവീട് പദ്ധതി ഉദ്ഘാടനം ചെയ്തു*

## എം.ജി. സർവകലാശാലയിലെ എൻ.എസ്.എസിന് 50 ലക്ഷം രൂപ അധിക ഗ്രാന്റ് അനുവദിക്കും -മന്ത്രി ഡോ. ആർ ബിന്ദു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ പുതിയതായി അനുവദിക്കപ്പെട്ട 66 എയ്ഡഡ് എൻ.എസ്.എസ് യൂണിറ്റുകൾക്കായി 50 ലക്ഷം രൂപ അധിക ഗ്രാന്റ് ലഭ്യമാക്കുമെന്ന് ഉന്നത വിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു അറിയിച്ചു. സർവകലാശാലയിലെ എൻ.എസ്.എസ് സംഗമത്തിന്റെയും സംഘടനയുടെ സ്നേഹവീട് ഭവന നിർമാണ പദ്ധതിയുടെയും ഉദ്ഘാടനവും പുതിയ യൂണിറ്റുകളുടെ പ്രഖ്യാപനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

നിലവിലുണ്ടായിരുന്ന 33 സെൽഫ് ഫിനാൻസിംഗ് എൻ.എസ്.എസ് യൂണിറ്റുകളെ എയ്ഡഡ് യൂണിറ്റുകളാക്കിയതിനു പുറമെ ബി.എഡ് കോളജുകകളിൽ ഉൾപ്പെടെ 33 യൂണിറ്റുകള് കൂടി തുടങ്ങുകയായിരുന്നു. പുതിയ 66 യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കുന്നതോടെ എം.ജി സർവകലാശാലയിലെ എയ്ഡഡ് എൻ.എസ്.എസ് യൂണിറ്റുകളുടെ എണ്ണം 271 ആകും.

നൂറു കുടുംബങ്ങളുടെ ജീവിതത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്ന മഹനീയ പദ്ധതിയായ സ്നേഹവീടിനോട് സഹകരിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. സമൂഹത്തെ അപകടമുഖത്തേക്ക് നയിച്ചുകൊണ്ടിരിക്കുന്ന ലഹരിക്കെതിരെ സജീവ ഇടപെടൽ നടത്താനും എൻ.എസ്.എസിന് കഴിയണം. നവോത്ഥാനത്തിന്റെ തിളക്കമാർന്ന പശ്ചാത്തലമുള്ള നമ്മുടെ സംസ്ഥാനത്ത് അനാചാരങ്ങൾക്കെതിരായ ബോധവത്കരണത്തിലും വിദ്യാർഥികൾക്ക് നിർണായക പങ്ക് വഹിക്കാനാകും- മന്ത്രി ബിന്ദു പറഞ്ഞു.

സമൂഹത്തിലെ അധമ പ്രവണതകൾക്കെതിരെ വിശ്വമാനവികതയുടെ സന്ദേശമുയർത്തി പൊരുതാൻ നാഷണൽ സർവീസ് സ്കീമിന് കഴിയുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സഹകരണ -സാംസ്കാരിക മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. എം.ജി. സർവകലാശാലയിലെ എൻ.എസ്.എസിന്റെ പുതിയ പദ്ധതികൾ സംഘടനയുടെ ഉന്നതമായ

സേവന മനോഭാവത്തിന്റെയും സാമൂഹ്യ ബോധത്തിന്റെയും ഉദാഹരണങ്ങളാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സാമൂഹ്യ സുരക്ഷാ മിഷന്റെ വി-കെയർ പദ്ധതിക്കായി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീം ഒരു ദിവസം കൊണ്ടു സമാഹരിച്ച 1036727 രൂപയുടെ ചെക്ക് മന്ത്രി വി.എൻ. വാസവൻ മന്ത്രി ഡോ. ആർ. ബിന്ദുവിന് കൈമാറി.

2021-2022 വർഷത്തെ മികച്ച എൻ.എസ്.എസ് യൂണിറ്റുകൾക്കുള്ള പുരസ്കാരവും ചടങ്ങിൽ വിതരണം ചെയ്തു. ചങ്ങനാശേരി സെന്റ് ബർക്ക്മാൻസ് കോളേജിനാണ് ഏറ്റവും മികച്ച യൂണിറ്റിനുള്ള പുരസ്കാരം ലഭിച്ചത്. ഏറ്റവും മികച്ച പ്രിൻസിപ്പലിനും പ്രോഗ്രാം ഓഫീസർക്കുമുള്ള പുരസ്കാരങ്ങൾ യഥാക്രമം ഇതേ കോളജിലെ ഫാ. റെജി പി. കുര്യനും റൂബിൻ ഫിലിപ്പിനും സമ്മാനിച്ചു. മികച്ച എട്ടു യൂണിറ്റുകൾക്ക് പുരസ്കാരവും സവിശേഷ പ്രവർത്തനങ്ങൾ നടത്തിയ 13 യൂണിറ്റുകൾക്ക് പ്രശംസാ പത്രവും നൽകി.

സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദ കുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ, അഡ്വ. റെജി സക്കറിയ, ഡോ. ഷാജില ബീവി, ഡോ. എ. ജോസ്, നാഷണൽ സർവീസ് സ്കീം സ്റ്റേറ്റ് ഓഫീസർ ഡോ. എൻ.ആർ. അൻസർ, എൻ.എസ്.എസ് പ്രോഗ്രാം കോ ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ, ജില്ലാ കോ ഓർഡിനേറ്റർ കെ.ആർ. അജീഷ് എന്നിവർ പങ്കെടുത്തു.

സെനറ്റ് അംഗങ്ങൾ, സിൻഡിക്കേറ്റ് അംഗങ്ങൾ, വിവിധ വകുപ്പ് മേധാവികൾ, വിവിധ കോളേജുകളിലെ പ്രിൻസിപ്പൽമാർ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാർ, വോളണ്ടിയർമാർ തുടങ്ങിയവര് സന്നിഹിതരായിരുന്നു .

വിദ്യാർഥികളും ദുർബല വിഭാഗങ്ങളിൽനിന്നുള്ളവരും ഉൾപ്പെടുന്ന ഭവനരഹിതർക്ക് 2022- 23 വർഷം നൂറു വീടുകൾ നിർമിച്ചു നൽകാനാണ് സ്നേഹവീട് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിൽ 66 വീടുകളുടെ നിർമാണത്തിനാണ് മന്ത്രി തുടക്കം കുറിച്ചത്. കോളേജുകളിലെ അധ്യാപകർ, അനധ്യാപകർ, പൂർവ്വ വിദ്യാർഥികൾ, മുൻ എൻ.എസ്.എസ് വോളണ്ടിയർമാർ, പി.ടി.എ തുടങ്ങിയവരുടെ സഹകരണത്തോടെ ഒരു വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(പി.ആർ.ഒ./39/1503/2022)

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിന്റെ ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. സപ്ലിമെന്ററി, മെഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് സഹിതം നവംബർ മൂന്നിനകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1504/2022)

## പ്രാക്ടിക്കൽ

ഈ വർഷം മെയ് മുതൽ ആഗസ്റ്റ് വരെ മാസങ്ങളിൽ നടന്ന ഒന്നു മുതൽ ഏഴ് വരെ സെമസ്റ്റർ ബി.ടെക്. ഇലക്ട്രോണിക് ആൻഡ് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് (പഴയ സ്കീം - 1997 മുതൽ 2009 വരെ അഡ്മിഷൻ മെഴ്സി ചൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 26 മുതൽ തൊടുപുഴ, മുട്ടം, യു.സി.ഇ. കോളേജിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1505/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**